## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1905 | 10.03.2020 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ പ്രവർത്തന സമയത്തിൽ പരിഷ്കരണം** | |
| ചോദ്യം | മറുപടി |
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) അംഗൻവാടികളുടെ പ്രവർത്തനസമയം ദീർഘിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്ത് പരിഷ്കരണമാണ് സമയക്രമത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) കോർപ്പറേഷൻ പരിധിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലം ലഭ്യമാക്കാൻ കഴിയാത്തതും കുട്ടികൾ കുറവുള്ളതുമായ രണ്ടോ മൂന്നോ അങ്കണവാടികളെ ക്ലബ്ബ് ചെയ്ത് പ്രവർത്തിപ്പിക്കുന്നതിനും പ്രവർത്തന സമയ ക്രമീകരണം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം അർബൻ-III ICDS പ്രോജക്ടിൽ ചൂഴമ്പാലയിൽ മൂന്ന് അങ്കണവാടികളെ പരീക്ഷണാടിസ്ഥാനത്തിൽ ക്ലബ്ബ് ചെയ്ത് രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ അങ്കണവാടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) അംഗൻവാടികളുടെ പ്രവർത്തനസമയം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ഇപ്രകാരം രണ്ടോ മൂന്നോ അങ്കണവാടികളെ ക്ലബ്ബ് ചെയ്യുമ്പോൾ ടി അങ്കണവാടികളിലെ ജീവനക്കാരെ ഷിഫ്റ്റടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതാണ്. ചൂഴമ്പാലയിൽ മൂന്ന് അങ്കണവാടികളെ ക്ലബ്ബ് ചെയ്തിട്ടുള്ളതിൽ 6 ജീവനക്കാർ ഷിഫ്റ്റടിസ്ഥാനത്തിൽ രാവിലെ 7 മുതൽ വൈകിട്ട് 7 വരെ പ്രവർത്തിച്ച് വരുന്നു. |
| സി) ജീവനക്കാരെ നിയമിക്കുമ്പോൾ അതിനായി ഏർപ്പെടുത്തുന്ന യോഗ്യതാ മാനദണ്ഡങ്ങളും സേവന-വേതന വ്യവസ്ഥകളും | സി) ഇപ്രകാരം അങ്കണവാടികൾ പ്രവർത്തിക്കുമ്പോൾ അങ്കണവാടി ജീവനക്കാരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ തന്നെ |

| | |
|---|---|
| എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | സ്വീകരിക്കുന്നതാണ്. പ്രത്യേക യോഗ്യതാ മാനദണ്ഡങ്ങളോ സേവന വേതന വ്യവസ്ഥകളോ പാലിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ